പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2837. — 20.06.2013 ൽ മറുപടിക്ക്

**അരി വിഹിതം വെട്ടിക്കുറച്ചത് പുനഃസ്ഥാപിക്കാൻ നടപടി**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) കേന്ദ്രത്തിൽ നിന്നും ലഭിക്കേണ്ട റേഷൻ അരിയുടെ അളവ് കഴിഞ്ഞ 3 മാസങ്ങളിൽ വെട്ടിക്കുറച്ചിട്ടുണ്ടോ;<br><br>(ബി) എങ്കിൽ എത്രയാണ് വെട്ടിക്കുറച്ചത് എന്നറിയിക്കാമോ ; | (എ) & (ബി) ഇല്ല. എന്നാൽ ബി.പി.എൽ. വിഭാഗങ്ങൾക്ക് മുൻവർഷങ്ങളിൽ അഡ്ഹോക്കായി കേന്ദ്ര സർക്കാർ അനുവദിച്ച വിഹിതം 2013-14 വർഷത്തിൽ നാളിതുവരെ അനുവദിച്ചിട്ടില്ല. ബി.പി.എൽ. വിഭാഗത്തിന് 84978 മെ.ടൺ അരിയും 34190 മെ.ടൺ ഗോതമ്പും ആദ്യഘട്ടത്തിലും, 132725 മെ. ടൺ അരിയും 54211 മെ.ടൺ ഗോതമ്പും രണ്ടാം ഘട്ടത്തിലും അഡ്ഹോക്കായി 2012-13 വർഷത്തിൽ അനുവദിച്ചിരുന്നു എന്നാൽ 2013-14 വർഷത്തിൽ അഡ്ഹോക് വിഹിതം ലഭിച്ചിട്ടില്ല. |
| (സി) വെട്ടിക്കുറച്ച അരിവിഹിതം പുനഃസ്ഥാപിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വിശദമാക്കുമോ; | (സി) ബി.പി.എൽ അഡ്ഹോക് വിഹിതം പുനഃസ്ഥാപിക്കാൻ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ഡി) എ.പി.എൽ. ബി.പി.എൽ. വിഭാഗങ്ങൾക്ക് അർഹതപ്പെട്ട അരി വിഹിതം കഴിഞ്ഞ 3 മാസങ്ങളിൽ കൃത്യമായി വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) ബി.പി.എൽ. വിഭാഗത്തിന് 25 കിലോഗ്രാം അരി 1/- രൂപ നിരക്കിൽ വിതരണം ചെയ്യുന്നുണ്ട്. എന്നാൽ മലപ്പുറം ജില്ലയിലെ നിലമ്പൂർ, തിരൂർ, തിരൂരങ്ങാടി, പൊന്നാനി താലൂക്കുകളിൽ 2013 ഏപ്രിൽ മാസത്തിലും, നിലമ്പൂർ, പെരിന്തൽമണ്ണ, തിരൂരങ്ങാടി, താലൂക്കുകളിൽ 2013 മേയ് മാസത്തിലും 18 കിലോഗ്രാം അരിവീതം മാത്രമേ ബി.പി.എൽ. വിഭാഗത്തിന് വിതരണം |

ചെയ്തിട്ടുള്ളു. എ.പി.എൽ. വിഭാഗത്തിന് 2013 ഏപ്രിൽ, മേയ് മാസങ്ങളിൽ 6 കിലോ ഗ്രാം അരിയും 1 കിലോഗ്രാം ഗോതമ്പും മാത്രമേ വിതരണം ചെയ്യാൻ സാധിച്ചുള്ളു. എന്നാൽ അഡ്ഹോക് വിഹിതം ലഭ്യമായ തിനെ തുടർന്ന് 2013 ജൂൺ മാസത്തിൽ ഇത് 9 കിലോഗ്രാം അരിയും 3 കിലോഗ്രാം ഗോതമ്പുമായി വർദ്ധിപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

ന